പ്പുമന്ത്രിയോടും ഫാക്സ് മുഖേന ഇന്നലെത്തന്നെ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. നാല്രൂപയ്ക്ക് വൈദ്യുതി വാങ്ങിച്ചത് അൺഅലോക്കേറ്റഡ് കോട്ട എടുക്കാത്തതിന്റെ ഫലമായിട്ടാണോ എന്ന ചോദ്യം അടിസ്ഥാനമില്ലാത്തതാണ്. കാരണം, അതും കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന വൈദ്യുതിയാണ്. അതുകൊണ്ടല്ലേ ഇങ്ങനെ വന്നത്. അൺ-അലോക്കേറ്റഡ് പവ്വർ നൽകുന്നത് സംസ്ഥാനങ്ങൾക്കുള്ള അവകാശത്തിന്റെ ഭാഗമായിട്ടാണ്. മറ്റേത് കായംകുളം താപനിലയത്തിന്റെ ഇന്ധനച്ചെലവ് വർദ്ധിച്ചതിനെത്തുടർന്ന് വൈദ്യുതിയുടെ ഉല്പാദനച്ചെലവ് കണക്കാക്കി കൂടുതൽ തുക വേണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതാണ്. അത് കൊടുക്കാൻ കേരള ഗവൺമെന്റിന് കഴിയുകയില്ലെന്നുള്ള വിവരം എൻ.റ്റി.പി.സി.യെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അതേയവസരത്തിൽ എൻ.റ്റി.പി.സി.യും ഇലക്ട്രിസിറ്റി ബോർഡും തമ്മിൽ ചർച്ച നടത്തി ഒരു അഭിപ്രായ രൂപീകരണം ഉണ്ടാകുന്നതിനുള്ള ശ്രമവും തുടർന്നുവരികയാണ്. കായംകുളം താപനിലയത്തിലെ വൈദ്യുതിയുടെ വിലയും അൺ-അലോക്കേറ്റഡ് പവ്വർ അനുവദിക്കുന്നതിന്റെ മാനദണ്ഡവും തമ്മിൽ ഒരു ബന്ധവുമില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

5 (*181) കേരളോത്സവം

ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണ്ണാണ്ടസ് :
ശ്രീ. ടി.കെ. നൗഷാദ് :

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ സംസ്ഥാന തല കേരളോത്സവം ഏതു ജില്ലയിൽ വച്ച് എന്നു നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ബി) കേരളോത്സവത്തെ കൂടുതൽ ആകർഷണീയവും മെച്ചപ്പെട്ടതുമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനതല കേരളോത്സവത്തിന് എന്തു തുകയാണ് സംസ്ഥാന യുവജന ക്ഷേമ ബോർഡ് അനുവദിക്കുന്നത്;

(ഡി) കേരളോത്സവത്തിൽ എത്ര യുവതീ-യുവാക്കൾ സംസ്ഥാനത്തുടനീളം പങ്കെടുക്കും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) ഇതിനായി എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(എഫ്) കേരളോത്സവത്തിന്റെ നടത്തിപ്പിൽ നിന്നും ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിട്ടുനിന്നിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തു നടപടി സർക്കാർതലത്തിൽ സ്വീകരിക്കാൻ കഴിയും എന്ന് പരിശോധിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) സംസ്ഥാന തല കേരളോത്സവം എറണാകുളത്തു വച്ച് 2000 ജനുവരി 2 മുതൽ 5 വരെ തീയതികളിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളോത്സവത്തിൽ കൂടുതൽ യുവജനപങ്കാളിത്തം ഉണ്ടാകുന്നതിനും, അതു കൂടുതൽ ആകർഷകമാക്കുന്നതിനും ഈ വർഷം മുതൽ ജില്ലാതല വിജയികൾക്കും, സംസ്ഥാനതല വിജയികൾക്കും സമ്മാനത്തുക (പ്രൈസ്മണി) നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) നാലു ലക്ഷം രൂപ സംസ്ഥാന തല കേരളോത്സവം സംഘടിപ്പിക്കുന്നതിനും, മൂന്നു ലക്ഷം രൂപ മൽസരങ്ങളിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്തയായും യുവജനക്ഷേമ ബോർഡ് അനുവദിക്കുന്നുണ്ട്.

(ഡി) ഏകദേശം 3 ലക്ഷത്തോളം യുവതീ-യുവാക്കൾ പങ്കെടുക്കുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്.

(ഇ) പദ്ധതി ഇനത്തിൽ ഒരു കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 7 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(എഫ്) ഇതേവരെയായി 28-ഓളം ഗ്രാമ പഞ്ചായത്തുകൾ കേരളോത്സവത്തിൽ നിന്നും വിട്ടുനിന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി പഞ്ചായത്തുകളെക്കൂടി പങ്കെടുപ്പിക്കുന്നതിന് വേണ്ട നിർദ്ദേശം പഞ്ചായത്തു ഡയറക്ടർക്കും ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും നൽകിയിട്ടുണ്ട്.

6 (*182) പിന്നോക്ക വിഭാഗം വികസന വകുപ്പ് രൂപീകരണം സംബന്ധിച്ച പഠനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നോക്ക വിഭാഗ വികസന വകുപ്പ് രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ നിർദ്ദിഷ്ട പിന്നോക്ക വിഭാഗ വികസന വകുപ്പിന്റെ ഘടന സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന-പിന്നോക്ക വിഭാഗങ്ങളുടെ ക്ഷേമം മുൻനിർത്തി കേന്ദ്ര സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചതായി ഗവൺമെന്റിന്റെ അറിവിലുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly